"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- ഭരണവിഭാഗം അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ സീനിയർ സൂപ്രണ്ടായി സേവനത്തിലിരിക്കെ അന്തരിച്ച ശ്രീ. വിനോദ് കുമാറിന്റെ മകളായ കുമാരി.വന്ദന.എൻ.വി.യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വകുപ്പിൽ ക്ലർക്കായി നിയമനം നൽകുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി(എഫ്) വകുപ്പ്

സ.ഉ.(കൈ) നം.24/2021/വനം തീയതി, തിരുവനന്തപുരം, 11/11/2021.

പരാമർശം:-

1. സ.ഉ.(പി) നം.12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. കുമാരി.വന്ദന.എൻ.വി, ടിസി 15/309, ആൽത്തറ, ബി സ്ട്രീറ്റ്, ആൽത്തറ നഗർ, വെള്ളയമ്പലം, തിരുവനന്തപുരം സമർപ്പിച്ച 19.04.2021 ലെ അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണവിഭാഗം അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 21.04.2021 ലെ ഇ6-1816/2021 നമ്പർ കത്തും അനുബന്ധ രേഖകളും.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 01.06.2021 ലെ DCTVM/4216/2021-S6 നമ്പർ കത്തും അനുബന്ധരേഖകളും.

ഉത്തരവ്

വനം വന്യജീവി വകുപ്പിൽ, ഭരണവിഭാഗം അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ സീനിയർ സൂപ്രണ്ടായി സേവനത്തിലിരിക്കെ 12.10.2020 ൽ അന്തരിച്ച ശ്രീ. വിനോദ് കുമാറിന്റെ മകളായ കുമാരി.വന്ദന.എൻ.വി.യ്ക്ക് സർവീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ, പരാമർശം (3) പ്രകാരം ഭരണവിഭാഗം അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2). നെടുമങ്ങാട് തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികൾ ഭാര്യ നിമ്മി, മകൾ നന്ദിനി.എൻ.വി, വന്ദന.എൻ.വി എന്നിവരാണ്. അവകാശികൾ അപേക്ഷകയ്ക്ക് ആശ്രിത നിയമനം നൽകുന്നതിന് സമ്മതപത്രം

നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനതീയതി 15.01.2001 ആണ്. ടിയാൾക്ക് 20 വയസ് പൂർത്തിയായിട്ടുള്ളതും എസ്. എസ്.എൽ.സി, പ്ലസ് ടു എന്നിവ പാസായിട്ടുള്ളതുമാണ്. ടിയാളുടെ വാർഷിക വരുമാനം 7,24,482/- രൂപയാണെന്ന് കരകുളം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3). മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ, ഭരണവിഭാഗം അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ സീനിയർ സൂപ്രണ്ടായി സേവനത്തിലിരിക്കെ 12.10.2020 ൽ അന്തരിച്ച ശ്രീ. വിനോദ് കുമാറിന്റെ മകളായ കുമാരി.വന്ദന.എൻ.വി.യ്ക്ക്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നല്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും സീനിയോറിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി, വനം വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ₹26500-60700 ശമ്പള സ്കെയിലിൽ, ക്ലർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. തിരുവനന്തപുരം ജില്ലയിൽ ഒഴിവ് നിലവിലില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ നിയമിക്കാവുന്നതും തിരുവനന്തപുരം ജില്ലയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാൾക്ക് സ്ഥലം മാറ്റം അനുവദിക്കേണ്ടതുമാണ്.

4) അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്.

5) ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷക ഏതെങ്കിലും വസ്തുതകൾ മനഃപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Rajesh Kumar Sinha
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം .
കുമാരി.വന്ദന.എൻ.വി, ടിസി 15/309, ആൽത്തറ ബി സ്ട്രീറ്റ് (ബി-58), ആൽത്തറ നഗർ,
വെള്ളയമ്പലം,തിരുവനന്തപുരം- 695 010.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ ),കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 17-11-2021 13:56:01
Reason: Approved
സെക്ഷൻ ഓഫീസർ.

പകർപ്പ്- വനം വന്യജീവി (പാർലമെന്റ് ) വകുപ്പ്.